**ചട്ടം 304 പ്രകാരം ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ 14.01.2021-ൽ സഭയിൽ ഉന്നയിക്കാൻ അനുമതി തേടിയിട്ടുള്ള സബ്മിഷനുള്ള മറുപടി**

ബീനാച്ചി പനമരം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 12 മാസകാലാവധി വച്ച് 28/05/2019- ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രവൃത്തി നിർദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ കാലാവധി 05/12/2020 വരെ നീട്ടി നൽകുകയും ചെയ്തു. കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനുള്ള എസ്റ്റിമേറ്റ് 05/02/2020 - ൽ ലഭ്യമായത് ഫണ്ട് നൽകുന്നതിനുവേണ്ടി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിട്ടി ജലനിധി എന്നിവയുടെ യൂട്ടിലിറ്റികൾ നിലവിൽ നല്ല താഴ്ച്ചയിൽ നിലനിൽക്കുന്നതിനാൽ നിലവിലുള്ള സ്ഥലത്തുനിന്നും മാറ്റേണ്ടതില്ലെന്നും ആവശ്യം വേണ്ടി വന്നാൽ മാത്രം മാറ്റിയാൽ മതിയെന്നുമാണ് കിഫ്ബിയുടെ നിർദ്ദേശം. കരാറുകാരൻ ആവശ്യമായ സാധനസാമഗ്രികൾ സൈറ്റിൽ ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി മന്ദഗതിയിലാണ്. പ്രവൃത്തി ഊർജ്ജിതമാക്കുന്നതിനുവേണ്ടി ബഹു. എം.എൽ.എ യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രവൃത്തിയുടെ കാലാവധി 31/04/2021 വരെ നീട്ടി നൽകുന്നതിനും തീരുമാനിച്ചു. നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുമെന്ന കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

13/1/2021

13/1/21

13/1/21

13/1/2021

13/1/21